ശ്രീ. പി.സി. ജോർജ് : സർ, സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ക്ഷേമ പെൻഷൻ പദ്ധതിയിലെ അപാകതകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ രൂപീകരിച്ച സബ്കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ട് ഏറെ നാളായി. പെൻഷൻ മാനേജിംഗ് കമ്മിറ്റി കൂടി അത് നിശ്ചയിച്ചിട്ടില്ല. ആ മാനേജിംഗ് കമ്മിറ്റി എത്രയും വേഗം കൂടാനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്വീകരിക്കാം.

# III. സബ്മിഷൻ

## (1) മലപ്പുറം ജില്ലയിലെ ഒതളൂരിലെ കോൺഗ്രസ് ഓഫീസ് തകർക്കപ്പെട്ടത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, മലപ്പുറം ജില്ലയിലെ പൊന്നാനി നിയോജകമണ്ഡലത്തിൽ ആലംകോട് പഞ്ചായത്തിലെ ഒതളൂർ എന്നുപറയുന്ന സ്ഥലത്തെ കോൺഗ്രസ് ഓഫീസ് ഏതാനും മാർക്സിസ്റ്റുകാർ അടിച്ചു പൊളിച്ച് തകർത്തു. ആ ഓഫീസിൽ ഉണ്ടായിരുന്ന മഹാത്മാ ഗാന്ധിയുടേയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും ശ്രീമതി ഇന്ദിരാഗാന്ധിയുടേയും ശ്രീ. രാജീവ് ഗാന്ധിയുടേയും എല്ലാം ഫോട്ടോ അവർ അടിച്ചുനശിപ്പിച്ചു. ആ കെട്ടിടത്തിന്റെ വാതിലും ജനലുമെല്ലാം അടിച്ചു തകർത്തു. അതിനകത്തുണ്ടായിരുന്ന കോൺഗ്രസ് പ്രവർത്തകരേയും അവർ മർദ്ദിച്ചു. ഇതുകഴിഞ്ഞ് ഉടൻതന്നെ തൊട്ടടുത്തുള്ള മാർക്സിസ്റ്റു പാർട്ടി ഓഫീസിൽ അവർ ചെന്ന് അതിന്റെ രണ്ടു ഗ്ലാസ്സും അടിച്ചുപൊളിച്ചു. കോൺഗ്രസുകാരുടെ പേരിൽ കള്ളകേസ് ഉണ്ടാക്കാൻ വേണ്ടി. എന്നിട്ട് ഇതിന്റെ പേരിൽ ശങ്കരംകുളം പോലീസ് കേസ്സ് എടുത്തു. ആ കേസിൽ 107/99 ക്രൈം നമ്പരായി കോൺഗ്രാസുകാരുടെ പേരിൽ എടുത്ത കേസ്സ് സെക്ഷൻ 143, 147, 148, 452, 427, 323, 324 എന്നിവ പ്രകാരമാണ്. കോൺഗ്രസ് ഓഫീസിൽ കയറി അടിച്ചുപൊളിച്ച് ഇവർ തന്നെ കോൺഗ്രസുകാരുടെ പേരിൽ കേസ് ഉണ്ടാക്കാൻ മറുഭാഗത്ത് ചെയ്തതിന് സെക്ഷൻ 452 വച്ചിരിക്കുകയാണ്. 452 വച്ചതിന്റെ ഉദ്ദേശം എന്താണ്, 452 വച്ചാൽ ഇവർക്ക് ജാമ്യം കിട്ടില്ല. കോൺഗ്രസുകാർക്ക് ജാമ്യം കിട്ടാതിരിക്കാൻ വേണ്ടി സി.പി.ഐ (എം) അവരുടെ ഓഫീസും പൊളിച്ചിട്ട് മാർക്സിസ്റ്റ് പാർട്ടി ഓഫീസ് പൊളിച്ചു എന്നു പറഞ്ഞുകൊണ്ട് ജാമ്യം കിട്ടാത്ത സെക്ഷൻ ശങ്കരംകുളം പോലീസ് ഇട്ടിരിക്കുകയാണ്. അതേ അവസരത്തിൽ സി.പി.ഐ. കാരുടെ പേരിലും ക്രൈം 106/99 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആ കേസിൽ എടുത്ത സെക്ഷൻ എന്താണ്? ആ കേസിൽ എടുത്തത് 448,427,323,324 എല്ലാം ജാമ്യം കിട്ടുന്ന സെക്ഷൻ. ഇത് എന്തു ന്യായമാണ് മുഖ്യമന്ത്രി. ഞങ്ങളുടെ ഓഫീസിൽ കയറി അടിച്ചു പൊളിച്ച് തകർത്ത് ഞങ്ങളുടെ നേതാക്കൻമാരുടെ ഫോട്ടോ ചവിട്ടി തകർത്തിട്ട് അതിന് ഞങ്ങളുടെ പേരിൽ 452. എന്തുകൊണ്ട് അവിടെ ഹൗസ് ബ്രേക്കിംഗിന് സി.പി.ഐ(എം) ന്റെ പേരിൽ കേസ് എടുത്തില്ല? ഞാൻ ആ കാര്യം മാത്രമേ പറയുന്നുള്ളൂ. ഇത് ചെയ്തത് ആരാണ്? ബഹുമാനപ്പെട്ട പൊന്നാനി എം.എൽ.എ. യ്ക്ക് അറിയാം. ആ നിയോജകമണ്ഡലത്തിൽ ഈ പറയുന്ന സ്ഥലത്ത്, കഴിഞ്ഞ ഒരു കൊല്ലം മുമ്പ്, നിങ്ങൾ അധികാരത്തിൽ വന്നതിനു ശേഷം, ഒരു മുസ്ലീം യൂത്ത് ലീഗ് പ്രവർത്തകനായ റഹിമിനെ മാർക്സിസ്റ്റുകാർ കൃഷ്ണനാ കൃഷ്ണമാക്കി വെട്ടിക്കൊന്നു. രാഷ്ട്രീയ കൊലപാതകമാണ്. ആ കേസിലെ പ്രതികളാണ് ഇതിന്റെ പിറകിലുള്ള ആളുകൾ. മുരളി എന്നുപ

LIBRARY ARCHIVES Kerala Legislative Assembly

റയുന്ന യൂത്ത് കോൺഗ്രസുകാർതന്നാണ് റഹീമിനെ സംരക്ഷിക്കാൻ ചെന്നത്. ആ മുരളിയുടെ കാല് നിങ്ങൾ വെട്ടി തകർത്തു. ആറുമാസം ആശുപത്രിയിൽ കിടന്നു. അതിനു കേസ് എടുത്തിട്ടില്ല. ആ പ്രതികളാണ് ഈ കൈയേറ്റത്തിന്റെ പിറകിലുള്ള ആളുകൾ. ഈ ആക്രമണത്തിന്റെ പിറകിലുള്ള ആളുകൾ. അതുകൊണ്ട് ഇന്ന് ശങ്കരംകുളം പോലീസ് സ്റ്റേഷനിലേക്ക് കോൺഗ്രസുകാർ മാർച്ച് നടത്തുകയാണ്. അവിടെ ഇത് നിത്യസംഭവമാണ്. പൊന്നാനി സർക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ സി.പി.ഐ.ക്കാർ മാർച്ച് നടത്തി. കൊളാടി ഗോവിന്ദൻകുട്ടി പ്രസംഗിച്ചു. അത് ഇവിടത്തെ നിത്യസംഭവമായി മാറിയിരിക്കുന്നു. അതിന് മൈക്ക് പെർമിഷൻ കൊടുത്തു. ഇന്ന് ഞങ്ങൾക്ക് മൈക്ക് പെർമിഷൻ ഇല്ല. രണ്ടു നീതി, രണ്ടു ന്യായം, മാർക്സിസ്റ്റുകാർക്ക് എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം അതാണ് ഇവിടെയുള്ളത്. അതുകൊണ്ട് ഈ കോൺഗ്രസ് ഓഫീസ് ആക്രമിച്ച ഈ മാർക്സിസ്റ്റുകാരുടെ പേരിൽ 452 ഉൾപ്പെടെയുള്ള വകുപ്പ് വച്ചുകൊണ്ട് കേസ് എടുക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : കേസ് ചാർജ് ചെയ്തിരിക്കുന്നതു സംബന്ധിച്ച് ശ്രീ. ആര്യാടൻ പറഞ്ഞ വകുപ്പൊന്നും ശരിയല്ല. ഇവിടെ പറഞ്ഞത് അവാസ്തവമാണ്. വകുപ്പു ഞാൻ പറയാം എന്റെ കയ്യിലുണ്ട്. നിങ്ങൾ പറഞ്ഞത് ശരിയല്ല, അവാസ്തവമാണ്. ഈ പറഞ്ഞതു മുഴുവൻ സത്യവിരുദ്ധമാണ്. വകുപ്പ് എന്റെ കയ്യിലുണ്ട്. പുസ്തകമെടുത്തു നോക്കി വേണം പ്രസംഗിക്കാൻ, കോടതിയിലെ വിവരം എന്റെ കയ്യിലുണ്ട്. നിങ്ങൾ പറയുന്നത് സത്യവിരുദ്ധമാണ്. മലപ്പുറം ജില്ലയിൽ ശങ്കരംകുളത്ത് ഒതളൂരിൽ വച്ച് ഒരു മോട്ടോർ സൈക്കിൾ വിൽപ്പനയെ സംബന്ധിച്ച് രണ്ടു സി.പി.ഐ.(എം) പ്രവർത്തകരും രണ്ടു കോൺഗ്രസ് (ഐ) പ്രവർത്തകരും തമ്മിൽ തർക്കമുണ്ടായി. തുടർന്ന് ജൂൺ 22- ന് വിശ്വം, സലീം തുടങ്ങി ആറു കോൺഗ്രസ് (ഐ) പ്രവർത്തകർ രാത്രി ഒൻപതര മണിക്ക് ഒതളൂരിൽ സി.പി.ഐ. (എം) ഓഫീസിൽ കയറി നാശനഷ്ടങ്ങൾ വരുത്തുകയും ഇ.എം.എസ്സിന്റെ ഫോട്ടോ നശിപ്പിക്കുകയും അവിടെ ഉണ്ടായിരുന്ന (അതാണ് പൂഴ്ത്തിവച്ചത്, കള്ള കേസ്സ് ആണെന്നു പറഞ്ഞ് പൂഴ്ത്തിയതാണല്ലേ, അത് ഞാൻ പറഞ്ഞുതരാം.....) കാർത്തികേയൻ, രവീന്ദ്രൻ എന്നിവരെ അടിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തു. ഈ വിവരം ആര്യാടൻ പൂഴ്ത്തിവച്ചു. ഇതേതുടർന്ന് നാലോളം സി.പി.ഐ (എം) പ്രവർത്തകർ ഒതളൂരിലുള്ള കോൺഗ്രസ് (ഐ) ഓഫീസിൽ കടന്ന് ആക്രമണം നടത്തി. ഒരു ഭാഗത്ത് സി.പി.ഐ (എം) ഓഫീസിൽ കയറി ഇ.എം. എസ്സിന്റെ അടക്കമുള്ള ഫോട്ടോ തകർത്തു. ആ വിവരം നമ്മുടെ ആര്യാടൻ ഇവിടെ പൂഴ്ത്തിവച്ചു. പിന്നെ കോൺഗ്രസ് (ഐ), ഓഫീസിൽ മറ്റവർ കയറി സി.പി.ഐ (എം) ഓഫീസിൽ കയറി അക്രമം നടത്തിയ സംഭവത്തിൽ കോൺഗ്രസ് (ഐ) പ്രവർത്തകരായ ഉണ്ണിക്കൃഷ്ണൻ, ബഷീർ എന്നിവർക്കും ആദ്യം പറഞ്ഞ. സി.പി.ഐ (എം) പ്രവർത്തകരായ രണ്ടു പേർക്കും പരിക്കുപറ്റി. ഈ വിവരം, ഒന്നു പൂഴ്ത്തിവച്ച് മറ്റേത് പെരുപ്പിച്ചു പറയുകയാണ് ചെയ്തത്. സി.പി. ഐ (എം) ഓഫീസിൽ കയറി അക്രമം നടത്തിയ സംഭവത്തിൽ ക്രൈം 106/99 നമ്പരായും..... (ഈ വകുപ്പ് 400 എവിടെപോയി? ആര്യാടനോട് ചോദിക്കുകയാണ്). കോൺഗ്രസ് (ഐ) ഓഫീസിൽ ആക്രമം നടത്തിയ സംഭവത്തിന് ക്രൈം 107/99 നമ്പരായും പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരികയാണ്. ഇവർ അങ്ങോട്ടും അടിച്ചു, അവർ ഇങ്ങോട്ടും അടിച്ചു. ആര്യാടൻ ഒന്നു പൂഴ്ത്തി,. ഒന്നുമാത്രം പറഞ്ഞു. വകുപ്പിനെക്കുറിച്ച് പ്രത്യേകം ചോദിച്ചാൽ പറയാം.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly